REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 10-05-2025 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- **ജമ്മുവിന് സമീപം ഇന്ത്യൻ സൈന്യം പാകിസ്ഥാൻ സൈനിക പോസ്റ്റുകളും, ഡ്രോണുകൾ വിക്ഷേപിക്കുന്ന ഭീകര കേന്ദ്രവും തകർത്തു.**
- **പാകിസ്ഥാന്റെ പ്രകോപനപരമായ നടപടികളാണ് പ്രശ്നങ്ങൾ സങ്കീർണ്ണമാക്കിയതെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി.**
- **അതിർത്തി സംസ്ഥാനങ്ങളിലെ സർവകലാശാലകളിൽ നിന്ന് മലയാളി വിദ്യാർത്ഥികൾ ഡൽഹി കേരള ഹൗസിലെത്തി.**
- **വിശ്വസംസ്കൃത പ്രതിഷ്ഠാനത്തിന്റെ വാർഷികസമ്മേളനം ഉച്ച കഴിഞ്ഞ് ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലെക്കർ കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യും.**
- **കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഈ വർഷത്തെ ഹജ്ജ് യാത്ര നാളെ ആരംഭിക്കും.**

## വാർത്തകൾ വിശദമായി

ജമ്മുവിന് സമീപം ഇന്ത്യൻ സൈന്യം പാകിസ്ഥാൻ സൈനിക പോസ്റ്റുകളും, ഡ്രോണുകൾ വിക്ഷേപിക്കുന്ന ഒരു ഭീകര കേന്ദ്രവും തകർത്തു. പുലർച്ചെ 5 മണിയോടെ അമൃത്സറിലെ ഖാസാ കന്റോൺമെന്റിന് മുകളിൽ ഒന്നിലധികം പാക് ഡ്രോണുകൾ പറക്കുന്നത് ശ്രദ്ധയിൽപ്പെട്ടെന്നും, ഉടൻ തന്നെ വ്യോമ പ്രതിരോധ യൂണിറ്റുകൾ അവയെ വെടിവെച്ചിട്ടെന്നും ഇന്ത്യൻ സൈന്യം അറിയിച്ചു. ഡ്രോൺ ആക്രമണങ്ങളും മറ്റ് പ്രകോപനങ്ങളുമായി പാകിസ്ഥാൻ അതിർത്തിയിൽ സ്ഥിതിഗതികൾ വഷളാക്കാൻ ശ്രമിക്കുകയാണെന്നും, ഇന്ത്യയുടെ പരമാധികാരം ലംഘിക്കാനും സാധാരണക്കാരെ

അപകടത്തിലാക്കാനും പാകിസ്ഥാൻ നടത്തുന്ന ശ്രമം അംഗീകരിക്കാനാവില്ലെന്നും സൈന്യം വ്യക്തമാക്കി.

അതേസമയം, ഇന്നലെ രാത്രി 9 മണിയോടെ യാതൊരു പ്രകോപനവുമില്ലാതെ ജമ്മു സെക്ടറിലെ BSF പോസ്റ്റുകൾക്ക് നേരെ പാകിസ്ഥാൻ വെടിവയ്പ്പ് നടത്തിയതായി അതിർത്തി രക്ഷാസേന അറിയിച്ചു. ഇതിന് ശക്തമായ തിരിച്ചടി നൽകിയെന്നും, പാകിസ്ഥാൻ റേഞ്ചേഴ്സിന്റെ പോസ്റ്റുകൾക്കും മറ്റ് സൈനിക ആസ്തികൾക്കും വ്യാപകമായ നാശനഷ്ടം സംഭവിച്ചതായും BSF പറഞ്ഞു.

✪✪✪

പാകിസ്ഥാന്റെ പ്രകോപനപരമായ നടപടികളാണ് പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കിയതെന്ന് വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി പറഞ്ഞു. ഇതിനോട് ഇന്ത്യയുടെ പ്രതികരണം വളരെ സംയമനത്തോടെയും ഉത്തരവാദിത്തത്തോടെയുമാണെന്നും ന്യൂഡൽഹിയിൽ പ്രത്യേക ബ്രീഫിംഗിൽ അദ്ദേഹം വ്യക്തമാക്കി.

.....( VOICE).....

✪✪✪

പാക്കിസ്ഥാനിലെ സാങ്കേതിക സംവിധാനങ്ങൾ, കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ, റഡാർ സൈറ്റുകൾ, ആയുധ സംഭരണ ശാലകൾ എന്നിവയടക്കം സൈനിക കേന്ദ്രങ്ങളിൽ കൃത്യമായ ആക്രമണം ഇന്ത്യ നടത്തിയെന്ന് വിംഗ് കമാൻഡർ വ്യോമിക സിംഗ് ബ്രീഫിംഗിൽ അറിയിച്ചു. ഈ തിരിച്ചടിയിൽ ഏറ്റവും കുറഞ്ഞ നാശനഷ്ടം വരുത്താൻ ഇന്ത്യ ശ്രദ്ധിച്ചുവെന്നും അവർ കൂട്ടിച്ചേർത്തു.

...........(VOICE).........

റഫീഖി, മുരീദ്, ചക്ലാല, റഹിംയാർ ഖാൻ തുടങ്ങിയ സ്ഥലങ്ങളിൽ ആക്രമണം നടത്തിയെന്നും വ്യോമിക സിംഗ് പറഞ്ഞു. പാസൂരിലെ റഡാർ സൈറ്റുകളും സിയാൽകോട്ടിലെ വ്യോമത്താവളവും ആക്രമിച്ചു. എല്ലാ ശത്രുനീക്കങ്ങളെയും ഫലപ്രദമായി ചെറുത്തിട്ടുണ്ടെന്നും അവർ വ്യക്തമാക്കി.

ഇന്ത്യയുടെ എസ്-400 മിസൈൽ സംവിധാനം തകർത്തെന്നും, സൂറത്തിലെയും സിർസയിലെയും വ്യോമതാവളങ്ങൾ നശിപ്പിച്ചെന്നും പാകിസ്ഥാൻ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കാൻ ശ്രമം നടത്തുകയാണ്. പാകിസ്ഥാന്റെ ഈ

അടിസ്ഥാനരഹിതമായ അവകാശവാദങ്ങളെ ഇന്ത്യ പൂർണ്ണമായി തള്ളിക്കളയുന്നുവെന്നും വ്യോമിക സിംഗ് അറിയിച്ചു.

✪✪✪

പാകിസ്ഥാൻ സൈന്യം ഇന്ത്യയുടെ പടിഞ്ഞാറൻ അതിർത്തിയിൽ തുടർച്ചയായി ആക്രമണം നടത്തുകയാണെന്ന് കേണൽ സോഫിയ ഖുറേഷി പറഞ്ഞു. ഇന്ത്യയുടെ സൈനിക കേന്ദ്രങ്ങളെ ലക്ഷ്യമിട്ട് ഡ്രോണുകൾ, ദീർഘദൂര ആയുധങ്ങൾ, ലോയിറ്ററിംഗ് വെടിക്കോപ്പുകൾ, പോർവിമാനങ്ങൾ എന്നിവ പാകിസ്ഥാൻ ഉപയോഗിച്ചതായും അവർ ന്യൂഡൽഹിയിൽ പ്രത്യേക വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. നിരവധി ആക്രമണങ്ങളെ ഇന്ത്യ നിർവീര്യമാക്കിയെന്നും എന്നാൽ 26 ലധികം സ്ഥലങ്ങളിൽ വ്യോമമാർഗ്ഗം നുഴഞ്ഞുകയറാൻ പാകിസ്ഥാൻ ശ്രമം നടത്തിയെന്നും അവർ പറഞ്ഞു.

.....(VOICE).....

പഞ്ചാബിലെ ഒരു വ്യോമത്താവളം ലക്ഷ്യമാക്കി പുലർച്ചെ 1:40 ന് പാക് സൈന്യം അതിവേഗ മിസൈലുകൾ ഉപയോഗിച്ചെന്നും കേണൽ സോഫിയ വെളിപ്പെടുത്തി.

✪✪✪

ഇന്ത്യൻ സായുധ സേന അതീവ ജാഗ്രതയിലാണ്. സ്ഥിതിഗതികൾ സൂക്ഷ്മമായും നിരന്തരമായും നിരീക്ഷിച്ചുവരികയാണെന്നും, ആവശ്യമുള്ളിടത്തെല്ലാം ഉടനടി നടപടി സ്വീകരിക്കുന്നുണ്ടെന്നും അധികൃതർ അറിയിച്ചു.. പരിഭ്രാന്തരാകേണ്ടതില്ലെന്നും എന്നാൽ അതീവ ജാഗ്രതയും മുൻകരുതലുകളും അത്യാവശ്യമാണെന്നും അവർ വ്യക്തമാക്കി.

✪✪✪

രാജസ്ഥാനിലെ അതിർത്തി ജില്ലകളായ ജയ്സാൽമീർ, ബാർമർ, ശ്രീഗംഗാനഗർ, ഫലോഡി എന്നിവിടങ്ങളിൽ റെഡ് അലേർട്ട് പ്രഖ്യാപിച്ചു. നഗരങ്ങളിലെ മാർക്കറ്റുകൾ അടച്ചിടാൻ ഗവൺമെന്റ് നിർദ്ദേശിച്ചു.

✪✪✪

കഴിഞ്ഞ രാത്രി ബാരമുള്ള മുതൽ അന്താരാഷ്ട്ര അതിർത്തിയിലെ ഭുജ് വരെ 26 സ്ഥലങ്ങളിൽ പാകിസ്ഥാൻ നടത്തിയ ഡ്രോൺ ആക്രമണ പരമ്പരയെ ഇന്ത്യൻ രാജ്യരക്ഷാ സേന വിജയകരമായി തടഞ്ഞു. സാധാരണക്കാർക്കും സൈനിക ലക്ഷ്യങ്ങൾക്കും ഭീഷണിയുയർത്താൻ സാധ്യതയുള്ള സായുധ ഡ്രോണുകളും ഇതിൽ ഉൾപ്പെടുന്നു. ഫിറോസ്പൂർ, അമൃത്സർ, പത്താൻകോട്ട് തുടങ്ങിയ പഞ്ചാബിലെ അതിർത്തി ജില്ലകളിൽ ആക്രമണം നടത്താൻ ശ്രമിച്ച

ഡ്രോണുകളും ഇന്ത്യൻ പ്രതിരോധ സേന ഫലപ്രദമായി ചെറുത്തുതോൽപ്പിച്ചു. അതേസമയം, ഫിറോസ്പൂരിൽ ഒരു വീടിന് കേടുപാടുകൾ സംഭവിച്ചെന്നും, പൊള്ളലേറ്റ മൂന്ന് കുടുംബാംഗങ്ങളെ ഗവൺമെന്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്നും, അവർ സുരക്ഷിതരാണെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

✪✪✪

പാകിസ്ഥാൻ വ്യോമസേനയുടെ ജെഎഫ്-17 തണ്ടർ പോർവിമാനങ്ങൾ ഹൈപ്പർസോണിക് മിസൈലുകൾ ഉപയോഗിച്ച് ആദംപൂരിലെ ഇന്ത്യയുടെ എസ്-400 മിസൈൽ പ്രതിരോധ സംവിധാനം തകർത്തെന്ന പാകിസ്ഥാന്റെ ഔദ്യോഗിക വാർത്താ ചാനലായ PTV ന്യൂസിന്റെ വ്യാജ പ്രചാരണം ഇന്ത്യൻ വ്യോമസേന ശക്തമായി നിഷേധിച്ചു.

✪✪✪

പാകിസ്ഥാൻ നടത്തിയ സൈബർ ആക്രമണത്തിൽ ഇന്ത്യയുടെ 70 ശതമാനം വൈദ്യുതി ഗ്രിഡുകളും പ്രവർത്തനരഹിതമായെന്ന രീതിയിൽ സാമൂഹിക മാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ അടിസ്ഥാനരഹിതമാണെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചു. പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ ഫാക്ട് ചെക്ക് യൂണിറ്റാണ് ഈ അവകാശവാദം വ്യാജമാണെന്ന് സോഷ്യൽ മീഡിയ പോസ്റ്റിലൂടെ വ്യക്തമാക്കിയത്.

✪✪✪

'ഓപ്പറേഷൻ സിന്ദൂറി'ന്റെ പശ്ചാത്തലത്തിൽ ഇന്ന് മുതൽ നടത്താനിരുന്ന സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷികാഘോഷ പരിപാടികൾ മാറ്റി വെച്ചു. നിലവിൽ ആരംഭിച്ച പ്രദർശന-വിപണന മേളകൾ നിശ്ചയിച്ച തീയതി വരെ തുടരും. എന്നാൽ, കലാപരിപാടികൾ ഉണ്ടാവില്ല.

മേഖലാ അവലോകന യോഗങ്ങൾ നിശ്ചയിച്ച തീയതികളിൽ നടത്തും. കായിക വകുപ്പിന്റെ ‘കിക്ക് ഡ്രഗ്സ്’ ലഹരി വിരുദ്ധ പ്രചാരണ ജാഥയും താൽകാലികമായി നിർത്തിവെച്ചു.

✪✪✪

ഓപ്പറേഷൻ സിന്ദൂറിന്റെ പശ്ചാത്തലത്തിൽ സംഘർഷബാധിത അതിർത്തി സംസ്ഥാനങ്ങളിലെ സർവകലാശാലകളിൽ നിന്നും കേരളത്തിലേക്ക് മടങ്ങുന്ന വിദ്യാർത്ഥികൾ ഡൽഹി കേരള ഹൗസിലെത്തി. ജമ്മു, രാജസ്ഥാൻ, പഞ്ചാബ് എന്നിവിടങ്ങളിൽ നിന്നായി 75-ഓളം വിദ്യാർത്ഥികളാണ് ഇന്നലെ രാത്രിയും, ഇന്ന് പുലർച്ചെയുമായി കേരള ഹൗസിലെത്തിയത്. വിദ്യാർത്ഥികൾ വിമാനങ്ങളിലും ട്രെയിനുകളിലുമായി നാട്ടിലേക്കു തിരിക്കും. അതിർത്തി

സംസ്ഥാനങ്ങളിലെ കേരളീയർക്കും മലയാളി വിദ്യാർത്ഥികൾക്കും സഹായവും വിവരങ്ങളും ലഭ്യമാക്കുന്നതിന് മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദ്ദേശപ്രകാരമാണ് ന്യൂഡൽഹി കേരള ഹൗസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്നത്.

✪✪✪

അതിർത്തിയിൽ സംഘർഷം കനക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് CPI എല്ലാ പൊതുപരിപാടികളും മാറ്റിവെച്ചു. ഭീകരവാദ ശക്തികൾക്ക് ഇന്ത്യൻ ജനത ഒരിക്കലും മാപ്പുനൽകില്ലെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം പറഞ്ഞു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ പരിശോധന കർശനമാക്കി. സുരക്ഷാ പരിശോധനയ്ക്ക് പുറമെ സെക്കൻഡറി പോയൻറ് ലാഡർ ചെക്ക് കൂടി ഏർപ്പെടുത്തിയിട്ടുണ്ട്. വിമാന യാത്രക്കാർ യാത്രയ്ക്ക് മൂന്ന് മണിക്കൂർ മുമ്പ് വിമാനത്താവളത്തിൽ എത്തിച്ചേരണമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഈ വർഷത്തെ ഹജ്ജ് യാത്ര നാളെ ആരംഭിക്കും. ഈ മാസം 29 വരെയാണ് യാത്ര.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O.ശശിധരൻ.

......(വോയ്സ്)......

✪✪✪

സംസ്ഥാന ഹജ്ജ് കമ്മറ്റി മുഖേന പുറപ്പെട്ട ആദ്യ തീർത്ഥാടക സംഘം ജിദ്ദയിലെത്തി. ഇന്ന് പുലർച്ചെ കരിപ്പൂർ വിമാനത്താവളം വഴി പുറപ്പെട്ട 172 പേരാണ് ജിദ്ദയിലെത്തിയത്. ഇന്ന് രണ്ട് വിമാനങ്ങൾ കൂടി തീർത്ഥാടകരുമായി സർവീസ് നടത്തും.

✪✪✪

അരുണാചൽ പ്രദേശിൽ  സാഫ് അണ്ടർ 19 ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ ആദ്യ മത്സരത്തിൽ ഇന്ത്യൻ പുരുഷ ടീം ശ്രീലങ്കയെ പരാജയപ്പെടുത്തി. മറുപടിയില്ലാത്ത 8 ഗോളുകൾക്കാണ് ഇന്ത്യയുടെ വിജയം. ചൊവ്വാഴ്ച ഇന്ത്യൻ ടീം നേപ്പാളിനെ നേരിടും.

✪✪✪

കേരള പ്രീമിയർ ലീഗ് ഫുട്ബോൾ ഗ്രാൻഡ് ഫിനാലെ നാളെ കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടത്തും. കേരള പോലീസും മുത്തൂറ്റ് ഫുട്ബോൾ അക്കാദമിയും തമ്മിലാണ് കിരീടപ്പോരാട്ടം.

✪✪✪

സംസ്ഥാനത്ത് സ്വർണവില വർധിച്ചു. പവന് 240 രൂപ കൂടി 72,360 രൂപയ്ക്കാണ് വ്യാപാരം പുരോഗമിക്കുന്നത്. ഗ്രാമിന് 30 രൂപയാണ് ഇന്ന് വർദ്ധിച്ചത്.

✪✪✪

സംസ്ഥാനത്ത് പ്ലസ് വൺ അപേക്ഷകൾ ഈ മാസം 14 മുതൽ 20 വരെ ഓൺലൈനായി സമർപ്പിക്കാം. 24ന് ട്രയൽ അലോട്ട്മെന്റ് നടക്കും. ജൂൺ രണ്ടിനാണ് ആദ്യ അലോട്ട്മെന്റ്. 10ന് രണ്ടാം അലോട്ട്മെന്റും 16ന് മൂന്നാം അലോട്ട്മെന്റും ഉണ്ടായിരിക്കും.

ജൂൺ 18ന് പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കാനാണ് തീരുമാനം.

✪✪✪

---

*News Editor: പി ചന്ദ്രബാബു*
*News Reader: സയ്യിദ് അലി ശിഹാബ്*
*News Team:അനിൽ ചന്ദ്രൻ*
*DEO: ഷീബ*